**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3984** **17-03-2025 - ൽ മറുപടിയ്ക്ക്**

**വർഷങ്ങളായി ഉപയോഗിക്കുന്ന വഴി തടസ്സപ്പെടുത്തിയത് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പേരാവൂർ താലൂക്ക് ആശുപത്രിയുടെ സമീപത്തുള്ള താമസക്കാർ വർഷങ്ങളായി ഉപയോഗിച്ചുകൊണ്ടിരുന്ന വഴി തടസ്സപ്പെടുത്തി ആശുപത്രിയുടെ മതിൽ കെട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ? | (എ) | പേരാവൂർ താലൂക്ക് ആശുപത്രിയെ വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ചുറ്റുമതിലിന്റെ നിർമാണ പ്രവൃത്തി 09.01.2025 ന് ആരംഭിക്കുകയും പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് മുതൽ മൗണ്ട് കാർമൽ ആശ്രമം വരെയുള്ള ഭാഗം ചുറ്റുമതിൽ കെട്ടി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളത്. പേരാവൂർ താലൂക്ക് ആശുപത്രിയുടെ സ്ഥലം പരിസരവാസികളായ സ്വകാര്യ വ്യക്തികൾ അനധികൃതമായി കയ്യേറിയാണ് വഴിയായി ഉപയോഗിച്ചിരുന്നത്. മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പ്രവൃത്തികൾ തടയണമെന്ന് കാണിച്ച് ബഹു ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 14049/2021, WP(C) 21980/22, WP(C)36328/22 എന്നീ കേസുകളിൽ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പ്രവൃത്തികൾ ബഹു കോടതി തടയാത്ത സാഹചര്യത്തിൽ, ആശുപത്രി ഭൂമി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാനിന്റെ ഭാഗമായാണ് ചുറ്റുമതിൽ നിർമ്മാണം നടത്തിയിട്ടുള്ളത്. പേരാവൂർ താലൂക്കാശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി തടസ്സപ്പെടുത്തിയതിനെതിരെ ആശുപത്രി സൂപ്രണ്ട്, പേരാവൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ